# ആമുഖം

കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ വിദ്യാലയത്തിന്റേയും ലക്ഷ്യം. മെച്ചപ്പെട്ട പഠനാന്തരീക്ഷം ഉറപ്പാക്കി പഠനനേട്ടങ്ങളുടെ സൂക്ഷ്മമാം വിനിയോഗം ഉറപ്പാക്കി എല്ലാ വിഭാഗത്തിൽ പെട്ട കുട്ടികളേയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിദ്യാഭ്യാസം നൽകുക, സ്കൂളും സമൂഹവും തമ്മിലുള്ള ഉൾച്ചേരൽ, പൂർവ വിദ്യാർത്ഥികളെ സ്കൂളിന്റെ ഭാഗമാക്കൽ തുടങ്ങിയവ ഈ മാസ്റ്റർ പ്ലാനിന്റെ ലക്ഷ്യമാക്കുന്നു.

അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളാണ്. ഓരോ പ്രവർത്തനങ്ങളും കൃത്യമായി വിലയിരുകയും പോരായ്മകളുണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു. കുട്ടികൾക്ക് ആവശ്യമായതെന്തോ അത് നൽകാനും, നാളെയുടെ വാഗ്ദാനങ്ങളായി അവരെ മാറ്റാനും നമുക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കട്ടെ.

# വിദ്യാലയ വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ലിറ്റിൽ ഫ്ളവർ യു.പി. സ്കൂൾ |
| വിദ്യാലയ കോഡ് | : 26450 |
| പഞ്ചായത്ത് | : ഉദയംപേരൂർ |
| പോസ്റ്റ് ഓഫീസ് | : സൗത്ത് പറവൂർ |
| വിദ്യാഭ്യാസ ജില്ല | : എറണാകുളം |
| സബ്ജില്ല | : തൃപ്പൂണിത്തുറ |
| ജില്ല | : എറണാകുളം |
| ഫോൺ | : 0484-2793035 |
| ഇ-മെയിൽ | : lfupssparur@gmail.com |
| നിയോജകമണ്ഡലം | : തൃപ്പൂണിത്തുറ |
| പാർലമെന്റ് മണ്ഡലം | : എറണാകുളം |
| ആകെ കുട്ടികൾ | : 131 |
| ആകെ അധ്യാപകർ | : 10 |

PDF Scanner ACE Scanner

മേഖല : അക്കാദമികം　　　ഉപമേഖല: ജനറൽ

സ്കൂൾ തലം

| പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|
| ലഹരിക്കെതിരെ അവബോധം സൃഷ്ടിക്കാൻ പോസ്റ്ററുകൾ | ജൂൺ 3 | 5, 6, 7 | പ്രധാന അധ്യാപിക, മറ്റ് അധ്യാപകർ | ലഹരി ഉപയോഗത്തിനെതിരെ പ്രവർത്തിക്കാൻ കുട്ടികളെ തല്പരരാക്കുന്നു. |
| റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ/സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ ട്രാഫിക് നിയമങ്ങൾ എന്നിവയെക്കുറിച്ച് അറിവുകൾ നൽകുന്നു | ജൂൺ 4 | 5, 6, 7 | പ്രധാന അധ്യാപിക, മറ്റ് ഭാഷാധ്യാപകർ വിഷയാധ്യാപകർ | റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ/സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ, ട്രാഫിക് നിയമങ്ങൾ എന്നിവയെക്കുറിച്ച് അറിവുകൾ നൽകുന്നു. പദസമ്പത്ത് വർധിപ്പിക്കാൻ ഇതിലൂടെ സാധിക്കുന്നു. |
| പരിസ്ഥിതി ദിനം | ജൂൺ 5 | 5,6,7 | അധ്യാപകർ | വ്യക്തി ശുചിത്വം പരിസര ശുചിത്വം, ഹരിത ക്യാമ്പസ് സ്കൂൾ സൗന്ദര്യവത്ക്കരണം എന്നിവയുടെ ആവശ്യകതയെക്കുറിച്ച് മനസ്സിലാക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| | വായനാ ദിനം, | ജൂൺ 19 | 5,6,7 | പ്രധാനാധ്യാപിക<br>മറ്റ് അധ്യാപകർ | |
| 5. | ലഹരി വിരുദ്ധദിനം. ലഹരി ഉപയോഗത്തിനെതിരെ അവബോധം സൃഷ്ടിക്കാൻ കവിത. | ജൂൺ 26 | 5,6,7 | അധ്യാപകർ | ലഹരി ഉപയോഗത്തിനെതിരെ പ്രവർത്തിക്കാൻ കുട്ടികളെ തല്പരരാക്കുന്നു. |
| | പ്രേംചന്ദ് ജയന്തി | ജൂലൈ 31 | 5,6,7 | ഹിന്ദി അധ്യാപിക | പ്രേംചന്ദിനെക്കുറിച്ച് അറിയാനും ഹിന്ദി ഭാഷയിൽ രചനകൾ സൃഷ്ടിക്കാൻ തല്പരരാക്കുന്നു |
| | ഗാന്ധിജയന്തി | ഒക്ടോബർ 2. | 5,6,7 | ക്ലാസ് അധ്യാപകർ, മറ്റ് അധ്യാപകർ, PTA രക്ഷിതാക്കൾ. | സ്കൂൾ പരിസരം വൃത്തിയാക്കുന്നു. |
| | ശിശുദിനം | നവംബർ 14 | | അധ്യാപകർ | ചാച്ചാജിയെക്കുറിച്ച് അറിയാനും ദേശസ്നേഹം വർധിപ്പിക്കാനും സാധിക്കുന്നു. |
| | വിശ്വ ഹിന്ദി ദിനം. പോസ്റ്റർ നിർമ്മാണം, പ്രസംഗം | ജനുവരി 10 | 5,6,7 | ഹിന്ദി അധ്യാപകർ | ഹിന്ദി ഭാഷയിൽ വാക് ചാതുരി ലഭിക്കുന്നു. |

PDF Scanner ACE Scanner

പ്രവർത്തനത്തിന്റെ പേര് : ഗണിത ശില്പശാല

ഉപമേഖല : അക്കാദമികം/ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുന്നു. | കളിരീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ മാസം | ഗണിതാധ്യാപകർ | |

പ്രവർത്തനത്തിന്റെ പേര് : ഗണിത ക്ലിനിക്ക്

ഉപമേഖല : അക്കാദമികം/ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കൽ | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി പരിഹാരമാർഗങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ്. | ഗണിതാധ്യാപകരും സമർത്ഥരായ കുട്ടികളും | |

പ്രവർത്തനത്തിന്റെ പേര് : കണ്ടറിയാനൊരു യാത്ര.....
ഉപമേഖല : അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജീവിത സാഹചര്യ-ങ്ങളിൽ നിന്ന് ചുറ്റുപാടു-കളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസുകൾ ആരംഭിക്കുന്നു. ശാസ്ത്രകിറ്റുകൾ നിർമ്മിക്കുന്നു. | ജൂൺ മുതൽ | സയൻസ് ക്ലബ്, ശാസ്ത്രാധ്യാപകർ | |

പ്രവർത്തനത്തിന്റെ പേര് : മാസ്റ്റർ മൈന്റ്.
ഉപമേഖല : അക്കാദമികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര സാങ്കേതിക ശേഷി വികസിപ്പിക്കുക. ശാസ്ത്ര ആശയങ്ങളെ അറിയുക. | ആരോഗ്യ ക്ലബ്, ശാസ്ത്രക്ലബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്, ശാസ്ത്രാധ്യാപകർ ഹെൽത്ത് ക്ലബ്. | |

PDF Scanner ACE Scanner

പ്രവർത്തനത്തിന്റെ
പേര്: ഔഷധത്തോട്ടം
ഉപമേഖല : അക്കാദമികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഔഷധ ത്തോട്ട നിർമ്മാണം | ഔഷധത്തോട്ടങ്ങൾ പരിചയപ്പെടുത്തുക. വിവിധ ഔഷധ സസ്യങ്ങൾ നടുക, ഔഷധത്തോട്ടങ്ങൾ വിപുലീകരിക്കുക. | ജൂൺ മുതൽ. | നേച്ചർ ക്ലബ്. | |

പ്രവർത്തനത്തിന്റെ
പേര് : കായിക പരിശീലനം.
ഉപമേഖല : അക്കാദമികം/കായിക വിദ്യാഭ്യാസം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ിവിധ ായിക മേഖല- ിൽ കുട്ടി- ളെ പരി- ിലിപ്പിക്കു . | കുട്ടികളുടെ ഉള്ളിലെ കായിക പ്രതിഭയെ പുറത്തെത്തിക്കാനായി, തിരഞ്ഞെടുത്ത സമയങ്ങളിൽ അവർക്ക് വേണ്ട പരിശീലനം നൽകുന്നു. ലഘു ഭക്ഷണം നൽകുന്നു. | ആഴ്ചയിൽ 3 ദിവസം | അധ്യാപകർ. | |

പ്രവർത്തനത്തിന്റെ പേര്: വാർത്താ ബോർഡ് നിർമ്മാണം.

ഉപമേഖല : പൊതുവിജ്ഞാനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അനുദിന വാർത്തകൾ കുട്ടികളിൽ എത്തുന്നു | വിവിധ മാധ്യമങ്ങളിൽ നിന്നും വിജ്ഞാനപ്രദവും കൗതുകകരവുമായ വാർത്തകൾ ശേഖരിക്കുന്നതിനും വാർത്താബോർഡ് നിർമ്മിക്കുന്നതിനുമുള്ള കഴിവ് പരിപോഷിപ്പിക്കൽ. | ഒരു വർഷം | ക്ലാസ് അധ്യാപകർ. | |

പ്രവർത്തനത്തിന്റെ പേര്: ഗ്രന്ഥശാല ശാക്തീകരണം.

ഉപമേഖല : ഭാഷാശേഷികളുടെ വികസനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ശേഖരിക്കൽ, പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രോഡീകരിക്കൽ, കാറ്റലോഗ് വിതരണം, രജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കൽ. | വർഷത്തിൽ 2 പ്രാവശ്യം | വിവിധ ക്ലബുകൾ | |

ACE Scanner

പ്രവർത്തനത്തിന്റെ പേര് : വീട് ഒരു പരീക്ഷണശാല

ഉപമേഖല : അക്കാദമികം/ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമുക്ക് ചുറ്റും കാണുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കൽ. | വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക. ICT സഹായത്തോടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | സെപ്തംബർ മുതൽ ഒക്ടോബർ വരെ | PTA | |

പ്രവർത്തനത്തിന്റെ പേര് : സുരീലി ഹിന്ദി.

ഉപമേഖല : അക്കാദമികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുള്ള അവസരം | ഹിന്ദി അസംബ്ലി, ചിത്ര സഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ, ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ എന്നിവ കാര്യക്ഷമമായി നടപ്പിലാക്കൽ. | നവംബർ മുതൽ ഫെബ്രുവരി വരെ | അധ്യാപിക, PTA, DIET | |

പ്രവർത്തനത്തിന്റെ പേര് : മേളകൾ

ഉപമേഖല : അക്കാദമികം / ശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിലെ ശാസ്ത്രമേഖലകളിലെ കഴിവിനെ പരിപോഷിപ്പിക്കുക. | സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുക. ഉപജില്ലാതലത്തിൽ പരമാവധി പങ്കാളിത്തം. | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ് | |

പ്രവർത്തനത്തിന്റെ പേര് : പച്ചക്കറിത്തോട്ടം

ഉപമേഖല : അക്കാദമികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ. | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | നേച്ചർ ക്ലബ് | |

ACE Scanner

പ്രവർത്തനത്തിന്റെ പേര് : ആരോഗ്യ ക്ലാസ്

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ. | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്കും രക്ഷിതാക്കൾക്കും സൗജന്യമായ ആരോഗ്യ ക്ലാസ് നൽകുന്നു | അക്കാദമിക വർഷത്തിൽ ഒരുതവണ. | പൂർവ്വ വിദ്യാർത്ഥികൾ | |

പ്രവർത്തനത്തിന്റെ പേര് : ഗ്രാമർ പഠനം നന്നാക്കാം...

ഉപമേഖല : അക്കാദമികം/ഭാഷാപഠനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുവാൻ [illegible] | അവധി ദിവസങ്ങളിൽ വ്യാകരണത്തിന് പ്രാധാന്യം നൽകിയിട്ടുള്ള ഇംഗ്ലീഷ് ക്ലാസുകൾ നൽകൽ. സംസാരഭാഷയിൽ അത് പ്രയോഗിക്കാനുള്ള പരിശീലനം നൽകുന്നു | പ്രതിവർഷം പത്ത് ക്ലാസുകൾ | ഭാഷാധ്യാപിക. | |

പ്രവർത്തനത്തിന്റെ പേര് : സയൻസ് എക്സ്പോ

ഉപമേഖല : അക്കാദമികം / സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആധുനിക ശാസ്ത്ര പുരോഗതിയെ കുട്ടികൾ അറിയുക. | ആധുനിക ശാസ്ത്രത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | |

പ്രവർത്തനത്തിന്റെ പേര് : Inspire Award

ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാർത്ഥികളെ കൂടുതൽ ഗവേഷണോന്മുഖരാക്കുക | ഇലക്ട്രോണിക് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. പ്രതിഭാശാലികളെ കണ്ടെത്തി Inspire award നല്കുന്നു | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

പ്രവർത്തനത്തിന്റെ പേര് : സയൻസ് ഡേ

ഉപമേഖല : സയൻസ് / അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാർത്ഥികൾ ശാസ്ത്രദിനത്തിന്റെ പ്രാധാന്യം മനസ്സിലാക്കുക | ശാസ്ത്രജ്ഞരെയും അവരുടെ സംഭാവനകളെയും വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തുന്നു ഒപ്പം ശാസ്ത്രസാങ്കേതിക വിദ്യയുടെ പ്രാധാന്യം എടുത്തു കാണിക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

PDF Scanner ACE Scanner

Activity : English Day Celebration

Sub topic : Improve the Communicative Skill

| AIMS | ACTIVITIES | DURATION | DUTY | FINANCE |
|---|---|---|---|---|
| To improve speaking skill | English Day<br>English Assembly<br>Skil and Conversation<br>Speech on different topics<br>For eg:- Conduct English Assembly classwise. | August to March | English Teacher | |

Activity : English Library Formation

Sub topic : Improve the Reading skill.

| AIMS | ACTIVITIES | DURATION | DUTY | FINANCE |
|---|---|---|---|---|
| To improve reading skill | Library<br>Reading Corner in the class<br>Newspaper Reading<br>Picture Reading<br>Reading Signboards and posters | October to March | English Teacher | |

ACE Scanner

പ്രവർത്തനത്തിന്റെ പേര് : ദിനാചരണങ്ങൾ.

ഉപമേഖല : സർഗവികസനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നു. | ദിനംതോറുമുള്ള അസംബ്ലിയിൽ. | ക്ലാസ് ടീച്ചർ. | |

പ്രവർത്തനത്തിന്റെ പേര് : ന്യൂസ് പേപ്പർ ക്വിസ്

ഉപമേഖല : പൊതുവിജ്ഞാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമകാലിക അറിവുകൾ വികസിപ്പിക്കുക | ആഴ്ചയിലും മാസത്തിലുമായി ന്യൂസ് പേപ്പർ ക്വിസ് പ്രോഗ്രാം നടത്തി കുട്ടികൾക്ക് സമ്മാനം നൽകുന്നു. | എല്ലാ ആഴ്ചയിലും | നേച്ചർ ക്ലബ്, അധ്യാപകർ. | |

പ്രവർത്തനത്തിന്റെ പേര് : ഭാഷയെ കേൾക്കൽ....

ഉപമേഖല : ഭാഷാശേഷികളുടെ വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറബിഭാഷാസംസാരം കുട്ടികളിൽ പരിപോഷിപ്പിക്കുക. | മാസത്തിലൊരിക്കൽ പ്രൊജക്ടറിന്റെ സഹായത്തോടെ അറബി ഭാഷയിലുള്ള വാർത്തകൾ, കഥകൾ തുടങ്ങിയവ കുട്ടികളെ കേൾപ്പിക്കുന്നു. | നവംബർ മുതൽ ഫെബ്രുവരി വരെ | ഭാഷാധ്യാപിക. | |

പ്രവർത്തനത്തിന്റെ പേര് : പദപരിചയം.

ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക ചുമതല |
|---|---|---|---|---|
| അറബി ഭാഷാശേഷി വർധിപ്പിക്കുക. അറബിഭാഷാ താൽപര്യം വർധിപ്പിക്കൽ | പാഠപുസ്തകത്തിലുള്ള വാക്കുകൾക്ക് പുറമെ പുതിയ വാക്കുകൾ, കഥ, കവിത എന്നിവ കാണിച്ചോ സ്ക്രീനിൽ അറബി ലഘുലേഖനങ്ങൾ കാണിച്ചോ വാക്കുകൾ ശേഖരിക്കാൻ സാഹചര്യമൊരുക്കുന്നു. | ജൂലൈ മുതൽ ജനുവരി വരെ. | ഭാഷാധ്യാപിക, പുസ്തകങ്ങൾ, പ്രൊജക്ടർ | |

PDF Scanner ACE Scanner

പ്രവർത്തനത്തിന്റെ പേര്: സുഭാഷിതാലാപനം.
ഉപമേഖല : അക്കാദമികം / സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അക്ഷരജ്ഞാനം ഉറപ്പുവരുത്തൽ | സുഭാഷിതാലാപനം, കഥ പറയൽ, സമസ്യാപൂരണം, വാർത്ത വായിക്കൽ എന്നിവ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | ജൂലൈ മുതൽ ഫെബ്രുവരി വരെ | അധ്യാപിക | |

പ്രവർത്തനത്തിന്റെ പേര്: പദപരിചയം ചിത്രങ്ങളിലൂടെ...
ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സംസ്കൃത …ഷയിലെ …ട്ടികളുടെ …റിവുകൾ …ിരപ്പെടുത്തൽ | സ്ഥിരമായി കുട്ടികൾക്ക് പരിചിതമായ ചിത്രങ്ങൾ പ്രദർശിപ്പിച്ചിട്ട് പദങ്ങൾ പറയിക്കുന്നു. | ഒരാഴ്ച | അധ്യാപിക | |

പ്രവർത്തനത്തിന്റെ പേര്: നാടകക്കളരി
ഉപമേഖല : സർഗ്ഗശേഷി വികസനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ബാലസാഹിത്യങ്ങളെ അടുത്തറിയൽ. | കുട്ടികൾക്ക് പരിചിതമായ ബാലസാഹിത്യ നോവലുകളെ ആസ്പദമാക്കി നാടകാവിഷ്കാരം. | വർഷത്തിൽ 2 പ്രാവശ്യം | ആർട്സ് ക്ലബ്ബ്. | |

പ്രവർത്തനത്തിന്റെ പേര് : പുറത്ത് ചക്രവാളത്തിലേക്ക്....

ഉപമേഖല : പൊതുവിജ്ഞാനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുക. | സിവിൽ സർവീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടുംവിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കാൻ പറ്റുന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ സംഘടിപ്പിക്കുക | അക്കാദമിക വർഷം | അധ്യാപിക | |

പ്രവർത്തനത്തിന്റെ പേര് : ചരിത്രത്തിലൂടെ....

ഉപമേഖല : അക്കാദമികം / സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ video പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സാമൂഹ്യശാസ്ത്ര അധ്യാപിക | |

ACE Scanner

# ഉപസംഹാരം...

ലിറ്റിൽ ഫ്ലവർ യു.പി സ്കൂളിലെ ഈ അക്കാദമിക മാസ്റ്റർപ്ലാൻ സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ തയ്യാറാക്കിയ പ്രവർത്തനങ്ങൾക്ക് സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്.

പഠനപ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയത്. അതിന് കഴിയുമെന്ന ഉത്തമവിശ്വാസവും ഞങ്ങൾക്കുണ്ട്.

ACE Scanner